LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ മൃഗശാലകൾ ആരംഭിക്കുവാൻ നടപടി

133 (5951) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസത്തിന്റെ സാദ്ധ്യത പരിഗണിച്ച് സംസ്ഥാനത്ത് കൂടുതൽ മൃഗശാലകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിലുള്ള മൃഗശാലകൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും വിവിധയിനം മൃഗങ്ങളെയും പക്ഷികളെയും കൂടുതലായിനൽകി വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച പ്രൂപാർശ നിലവിൽ പരിഗണനയിലില്ല.

(ബി) മൃഗശാല സന്ദർശകർക്കായി കൂടുതൽ ബാറ്ററി വാഹനങ്ങൾ വാങ്ങുന്നതിനും ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്, കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരത്തോടെ വിവിധ മൃഗശാലകളിൽനിന്നും കൂടുതലായി പക്ഷികളെയും മൃഗങ്ങളെയും മൃഗശാലയിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മ്യൂസിയം മൃഗശാല വളപ്പിലെ കെട്ടിടങ്ങൾ

134 (5952) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം തിരുവനന്തപുരം മ്യൂസിയം മൃഗശാല വളപ്പിൽ എത്ര കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചു എന്നും അവ ഓരോന്നും എന്തിനു വേണ്ടിയായിരുന്നുവെന്നും അവ ഓരോന്നിനും എത്ര രൂപ വീതമാണ് നിർമ്മാണ ചെലവ് എന്നും വിശദമാക്കുമോ ;